# ഇന്റലിആർട്ട്

## ഡിജിറ്റൽ മാഗസിൻ 2024



ഐ യു എച്ച് എസ് എസ് പറപ്പൂർ

ലിറ്റിൽ കൈറ്റ്സ്




# ഇന്റലിആർട്ട്

## ഡിജിറ്റൽ മാഗസിൻ 2024

### എഡിറ്റോറിയൽ ബോർഡ്

### ചീഫ് എഡിറ്റർ

മമ്മു എ ഹെഡ്മാസ്റ്റർ

### സബ് എഡിറ്റർ

നഹ്‌ല കെ വി കൈറ്റ് മിസ്ട്രസ്സ്
മുഹമ്മദ് റഫീഖ് പി കൈറ്റ് മാസ്റ്റർ

### സ്റ്റുഡന്റ് എഡിറ്റർ

ഹിദ
ജൂസ
സിനാൻ
ആമിന റിൻഷി
ഫാദിൽ

ഐ യു എച്ച് എസ് എസ് പറപ്പൂർ

ലിറ്റിൽ കൈറ്റ്സ്

# ആമുഖം

മനുഷ്യന്റെ ദൈനംദിനജീവിതത്തിൽ ടെക്നോളജിയുടെ കടന്നുകയറ്റം നാം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. പ്രഭാതം മുതൽ പ്രദോഷം വരെയുള്ള മനുഷ്യൻെറ ഇടപെടലുകളിൽ ഇത്തരം സാങ്കേതിക വിദ്യയുടെ സഹായമില്ലാതെ ജീവിക്കാൻ ഇന്ന് മനുഷ്യന് അപ്രാപ്യമാണ്. ആൽഫ ജനറേഷൻ കുട്ടികൾക്ക് ഇത് സ്വായത്തമാക്കാനുള്ള അവരുടെ കഴിവിനെ എടുത്തുപറയേണ്ടതുണ്ട് .

ടെക്നോളജിയിൽ അഭിരുചിയുള്ള കുട്ടികളെ Little kites എന്ന കുടക്കീഴിൽ കൊണ്ടു വരികയും അവരുടെ രചനാത്മകവും സർഗാത്മകവുമായ കഴിവുകളെ സ്ഫുടം ചെയ്തെടുക്കാനുള്ള ഒരു പ്ലാറ്റ്ഫോമാണ് ഡിജിറ്റൽ മാഗസിനിലൂടെഅർത്ഥമാക്കുന്നത്.

ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിലൂടെ കുട്ടികൾ അവരുടെ സർഗാത്മഗത പ്രകടിപ്പിക്കുന്നതോടൊപ്പം കമ്പ്യൂട്ടറിനെയും സോഫ്റ്റ്‌വെയറിനെയും

എങ്ങനെ ക്രിയേറ്റീവായി ഉപയോഗിക്കാമെന്നും ഡിടിപി, ഡിസൈനിംഗ് ഗ്രാഫിക്സ് തുടങ്ങിയ ധാരാളം മേഖലകളിൽ അതി വൈവിധ്യങ്ങളെ തൊട്ടറിയാനുള്ള അവസരവും അവർക്ക് ലഭിക്കുന്നു.

**"Kerala's Best & Happiest Educational Supermarket" - IUHSS Parappur.**



നമ്മുടെ സ്കൂളിനെ കേരളത്തിലെ ഏറ്റവും മികച്ചതും കുട്ടികളും രക്ഷിതാക്കളും അധ്യാപകരും സന്തോഷത്തിൽ വർത്തിക്കുന്നതും കുട്ടിക്കാവശ്യമായ എല്ലാ കാര്യങ്ങളും സ്കൂളിൽ തന്നെ ലഭ്യമാക്കാൻ ഉതകുന്നതുമായ ഒരു സ്ഥാപനമാക്കി മാറ്റുകയാണ് നമ്മുടെ ലക്ഷ്യം. കൃഷി മുതൽ AI വരെ സകല മേഖലകളെയും കുട്ടിക്ക് പരിചയപ്പെടുത്തി അവനവന്റെ അഭിരുചിക്കനുസരിച്ചുള്ള മേഖല തെരഞ്ഞെടുക്കാൻ കുട്ടിയെ പ്രാപ്തമാക്കലാണ് നമ്മുടെ ലക്ഷ്യം. പ്രസ്തുത ലക്ഷ്യത്തിലേക്ക് കുതിക്കുന്ന നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻെറ എല്ലാ അണിയറ പ്രവർത്തകർക്കും ആശംസകൾ നേരുന്നു.



നമ്മുടെ വിദ്യാലയത്തിലെ ഒമ്പതാം ക്ലാസ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നുണ്ട് എന്നറിഞ്ഞതിൽസന്തോഷിക്കുന്നു .ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും മറ്റ് സാങ്കേതിക വിദ്യയുടെയും ഇക്കാലത്തു നിങ്ങൾ വായനക്ക് നൽകിയ പ്രാധാന്യത്തെ പ്രത്യേകം അഭിനന്ദിക്കുകയാണ് .ഇത് തയ്യാറാക്കാൻ നിങ്ങളെ സഹായിച്ച അദ്ധ്യാപകരെയും ഇതിന് സൃഷ്ടികൾ തന്നവരെയും ഇതിനു വേണ്ടി മറ്റു സാങ്കേതിക സഹായങ്ങൾ നൽകിയ എല്ലാവരെയും പ്രേത്യേകം അഭിനന്ദിക്കുന്നു .

# അഹങ്കാരം ആപത്ത്

ഒരു കാട്ടിൽ കുറെ കുരുവികൾ ഉണ്ടായിരുന്നു. അവരെല്ലാവരും വലിയ കൂട്ടുകാരായിരുന്നു. അങ്ങിനെയിരിക്കെ ഒരു വലിയ ക്ഷാമം ഉണ്ടായി. തിന്നാൻ ഒന്നും കിട്ടാതെ കുരുവികൾ വലഞ്ഞു. അവരെല്ലാവരും കൂടി ചേർന്ന് ആലോചിക്കാൻ തുടങ്ങി. ഇനി എന്താണ് തീറ്റ കിട്ടാനുള്ള മാർഗം? കൂട്ടത്തിൽ ഒരു പ്രായമുള്ള കുരുവി അമ്മാവൻ ഉണ്ടായിരുന്നു. അയാൾ എഴുന്നേറ്റ നിന്നു പറഞ്ഞു" ഞാനൊരു വഴി പറയാം.നമ്മൾ പല വഴിക്ക് പറക്കുക ഉച്ചയാകുമ്പോൾ എല്ലാവരും ഇവിടെ തിരിച്ച വരണം തിന്നാൻ പറ്റിയ എന്തെങ്കിലും കണ്ടാൽ എല്ലാവർക്കും പോയി വയറുനിറക്കാം " അതുകൊള്ളാം കുരുവി അമ്മാവന്റെ ആശയം എല്ലാവർക്കും ഇഷ്ടമായി. ഉടനെ തന്നെ കുരുവിമാമൻ പറഞ്ഞതുപോലെ കുരുവികളെല്ലാം തന്നെ പല ഭാഗങ്ങളിലേക്ക് പറന്നു.എന്നാൽ അവരുടെ കൂട്ടത്തിൽ കൊതിയൻ ആയ ഒരു കുഞ്ഞി കുരുവി ഉണ്ടായിരുന്നു അവൻ ആകാശത്തിലൂടെ പറന്നുകൊണ്ടിരിക്കുമ്പോൾ അങ്ങകലെ ഒരു പറമ്പിൽ കുറെ അരി മണികൾ കിടക്കുന്നത് കണ്ടു.അവൻ നേരെ അതിനടുത്ത് ചെന്നോ അതാ കിടക്കുന്നു കുറെ മണികൾ! ഹയ്യട, ഇതു മുഴുവനും ആർക്കും കൊടുക്കാതെ എനിക്ക് തന്നെ തിന്നണം അവൻ മനസ്സിൽ ഓർത്തു. അവൻ നിലത്തിറങ്ങി. അരിമണികൾ വയറ് നിറയെ തിന്നാൻ തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ അവൻ വയറു നിറഞ്ഞു അവൻ ഉയർന്നു പറക്കാൻ ശ്രമിച്ചു പക്ഷേ അവൻ അനങ്ങാൻ കഴിഞ്ഞില്ല. എന്താണ് കാരണമെന്ന് ? പക്ഷികളെ പിടിക്കാൻ വേട്ടക്കാർ വച്ച് കെണിയിലാണ് അവൻ അകപ്പെട്ടത് കുഞ്ഞി കുരുവി ആകെ പേടിച്ച കരയാൻ തുടങ്ങി അപ്പോഴാണ് ആ വഴിക്ക് കുരുവി അമ്മാവൻ പറന്നു പോയത്.കുഞ്ഞി കുരുവിയുടെ കരച്ചിൽ കേട്ട് നോക്കിയപ്പോൾ കുരുവി അമ്മാവന് കാര്യം മനസ്സിലായി. അത് വേഗം പറന്ന് ചെന്ന് മറ്റു കുരുവികളോട വിവരം പറഞ്ഞു.എന്നിട്ട് എല്ലാവരും കൂടി അവിടേക്ക് പറന്നുപോയി പോയി. ഭാഗ്യം വേട്ടക്കാർ അപ്പോഴും അവിടെ എത്തിയിട്ടുണ്ടായിരുന്നില്ല.അവരെല്ലാവരും കൂടി ചേർന്ന് വേട്ടക്കാരുടെ വലയുയർത്തി. കുഞ്ഞിക്കുരുവി കുരുവിക്ക് ആശ്വാസമായി. കുരുവി അമ്മാവൻ കുഞ്ഞി കുഞ്ഞിക്കുരുവിയോട് പറഞ്ഞു തിറ്റ കണ്ടപ്പോൾ തിന്നാൻ പോയതല്ലേ കുഴപ്പത്തിലായത്.അതു കേട്ട് കുഞ്ഞി കുരുവി നാണിച്ച പോയി.

ഫാത്തിമ നിദ. കെ
8H



# സൂര്യൻ

അങ്ങു കിടക്കാൻ മലയുടെ മറവിൽ

നിന്നും ഉയർന്ന ഒരു തീ കോളം.

എന്തൊരു ചന്തമീ ഗോള മതങ്ങിനെ

പൊങ്ങി വരുമ്പോൾ ഇരുൾ മാറും

പക്ഷികൾ കലപില  കൂട്ടം പാട-

ത്തെത്തും  കർഷകർകൃഷിനോക്കാൻ

സുന്ദര മാമി കാഴ്ചകൾ കാണാൻ

എന്നും മുഷസ്സിൽ  ഞാൻ ഉണരും

ഫാത്തിമ നിദ. കെ
8H

# വിശ്വരൂപം (കവിത)

കാമത്തിന്റെ കണ്ണുകൾക്ക് വിശപ്പകറ്റാൻ

കത്തിയെരിയുന്ന കനലുകൾക്ക് സമാനമാകാൻ

മെഴുകുതിരിപോലെ ഉരുകിയൊലിക്കാൻ

ജീവിതം കണ്ണീരിന്റെ

ഉപ്പുരസത്തെ മാത്രം രുചിക്കാൻ

രാവിലെയും പകലിലെയും

കഴിഞ്ഞകാലയവനിക്കുള്ളിൽ

മറഞ്ഞു പോയതുമായ താൻ

നേരിട്ട ന്യൂനതകളെ നെയ്തുതീർക്കാൻ

സമൂഹത്തിൽ അവഗണിക്കപ്പെടാൻ

മാത്രമായി വിധിക്കപ്പെട്ട ഒരു ജീവൻ സങ്കടങ്ങളായും

ആക്ഷേപങ്ങളാലും

വിണ്ടുകീറിയ ആ വിശ്വരൂപത്തെ നോക്കി


സമൂഹം ആർത്തട്ടഹസിക്കുന്ന പേര് സ്ത്രീ......

റിഫഹ് ഷെറിൻ. പി
9C

# ഇഷ്ടം (കവിത)

ചില സൗഹൃദങ്ങൾ അങ്ങനെയാണ്
അവൾ അറിയാതെ അവനെ പ്രണയിച്ചുപോകും
സ്വപ്നത്തിൽ അവന് ഒന്ന് പുഞ്ചിരിച്ചാൽ
അവളുടെ ദുഃഖങ്ങൾ എല്ലാം അകന്നു പോകും
ഒന്ന് കാണുവാൻ ഒപ്പം നടക്കുവാൻ
മനസ്സ് വല്ലാതെ കൊതിച്ചുപോകും
സ്വന്തമാവില്ലെന്ന് അറിഞ്ഞുകൊണ്ട് അവൾ
ആ പ്രണയം മറച്ചുവെക്കും
അവനെയല്ലാതെ മറ്റാരെയും അവളിത്രമാത്രം
ഭ്രാന്തമായി സ്നേഹിച്ചില്ല
ഒടുവിൽ എല്ലാം വെറുതെയായിരുന്നുവെന്ന്
തിരിച്ചറിയുമ്പോൾ ഉള്ളിൽ ഉള്ളിൽ
ആ ഇഷ്ടത്തെ അവൾ കുഴിച്ചുമൂടും
"നഷ്ടപ്പെടും വരെ നഷ്ടപെട്ട നിൻ
നഷ്ടമെന്താണെന്ന് ഓർക്കില്ല നാം...."

റിഫ ഷെറിൻ. പി
9C



# "മാറിമറിഞ്ഞ ജീവിതം "

വേദനാജനകമായ ദിവസം. അങ്ങോട്ടും ഇങ്ങോട്ടുമില്ലാത്ത ബന്ധം.തെറ്റ്ചെയ്ത കുറ്റവാളിയെ പോലെ ഒരു പെട്ടികൂട്ടില് ഒളിച്ചിരിക്കുകയാണ് ജാൻസി. അവളൊരു കൂട്ടുകകുടുംബത്തിൽ ജനിച്ചിട്ടും ആരാരുമില്ലാതെ ഒരു കമ്പനിയിൽ ജോലി ചെയ്യുകയാണ്. രാവിലെ ഉണർന്ന് കമ്പനിയിൽ പോവലും സങ്കടത്തോടെ വന്ന് സങ്കടം പങ്ക് വെക്കാൻ ഒരാളുമില്ലാതെ വിഷമിച്ച ഉറങ്ങലുമാണ് ജോൺസിയുടെ ഏക പതിവ്. അങ്ങനെ ഒരിക്കൽ ജോലി എല്ലാം തീർത്തു അവധിക്ക് വേണ്ടി അവളെ ഫ്ളാറ്റിലെ കുഞ്ഞു ബാൽക്കനിയിൽ ചാരിയിരുന്ന് നക്ഷത്രങ്ങളോട് സങ്കടം പറഞ് അവളെ പോലെ ചന്ദ്രനെയും അവൾ ഉപമിച്ചിരിക്കുകയാണ്, " തന്നെ പോലെയാണ് നീയും ഒരു ദിവസം നീ സന്തോഷത്തോടെ പ്രകാശിച്ചാലും ഇല്ലെങ്കിലും കാർമേഘം വാശിയോടെ നിന്റെ സന്തോഷത്തെ മറക്കുന്നു. " എന്നൊക്കെ പറഞ് അവൾ ഉറങ്ങുകയാണ് . ഉറക്കത്തിലൂടെ അവൾ ആഗ്രഹികുന്ന ആ കൊച്ചു നാട്ടിൻപുരത്തിലേക്ക് സ്വപ്നം കണ്ട് മയങ്ങുകയാണ്-ജൻസിക്ക് അഞ്ചോ ആറോ വയസ്സുള്ളപ്പോൾ അമ്മ , അച്ഛൻ , അമ്മമ്മ, അച്ചാച്ചൻ ,അമ്മായി ,അമ്മാവൻ അങ്ങനെ കൂട്ടുകുടുംബത്തോടെ ജീവിക്കുമ്പോൾ അവൾ അച്ഛച്ഛന്റെ കൂടെ നാട്ടിലെ ഒരുകൊച്ചു കടയായ മൂസാക്കാന്റെ ചായക്കടയിലേക്ക് എത്തുകയാണ്. അവൾ ആഗ്രഹിച്ച പയമ്പൊരിക്ക് വേണ്ടി അവൾ വാശി പിടിച് അച്ഛച്ഛനെ ഭയങ്കരമായി ബുദ്ധിമുട്ടിച്ചു. അതെല്ലാം വാങ്ങി വീട്ടിലെക്ക് തിരിക്കുമ്പോൾ ഒരു സംഘം കുട്ടികൾ തൊട്ടടുത്തുള്ള ഒരു കുളത്തിൽ ആഹ്ലാദിച്ചു ചാടിമറിയുന്നു. നീന്താനറിയാത്ത അവൾ അതിലിറങ്ങി നീന്താൻ പഠിക്കണമെന്നും വാശി പിടിക്കുന്നു. ആകെ ഒരു കൊച്ചുമോൾ ഉള്ളതിനാൽ അച്ഛച്ചനും വീട്ടിലുള്ളവരും അവളെ നന്നായി പരിപാലിച്ചിരുന്നു . അവൾ അങ്ങനെ സന്തോഷത്തോടെ കുളത്തിൽ ഇറങ്ങാനിരുന്നതും ഒരു പാമ്പിനെ കണ്ട് ആകെ കരഞ്ഞ് ബഹളം കൂട്ടി. എന്നിട്ട് വീട്ടിലേക്ക് ഒറ്റ ഓട്ടവും. തൊട്ടുപിറകിൽ അച്ഛച്ചനും ഓടി. നിൽക്കാൻ എത്ര പറഞ്ഞിട്ടും അവൾ നിന്നില്ല. വീട്ടിലെത്തുവോളം അവൾ അച്ചച്ചനെ ഓടിച്ചു. അതിൽ ആകെ ക്ഷീണിതനായ അച്ചച്ചനെ കണ്ടിട്ട് അവളുടെ മനസ്സ് സങ്കടത്താൽ അലിഞ്ഞു എന്നാലും ഇതറിയാതെ ആ വഴി വന്ന അമ്മ ഇത് കണ്ടിട്ട് അവളെ ചീത്തപറഞ്ഞ് അവളെ തെറ്റ് മനസ്സിലാക്കി കൊടുത്തു. എന്നാലും അവൾ ഓരോ ദിവസവും ഇത് തന്നെ ആവർത്തിച്ചു. അങ്ങനെ നാട്ടിൽ പുതിയ ഭരണം ഏൽക്കാൻ പുതിയ പൗരൻ എത്തി. അദ്ദേഹം ആണ് ഈ ലോകത്തെ മാറ്റി മറിച്ചത്. നാട്ടിൻപുറം തീരെ ഇഷ്ടപെടാത്ത അദ്ദേഹം നഗരമാകാൻ തീരുമാനിച്ചു. ഓരോ ചേരുകടയും പൊളിച് വലിയ മാർക്കറ്റുകളാക്കി. ഓരോ വയലും നികത്തി ഫാക്ടറികൾ നിർമിച്ചു. ഒരു. പ്രഭാതത്തിൽ തന്നെ മാറിമറിഞ്ഞു പോയ ഓരോരുത്തരും കണ്ണ് തള്ളി അന്താളിച്ചു. ഓരോരുത്തർക്കും ഈ ദിനം മുതൽ ജോലി ലഭിക്കും എന്ന പേരിലാണ് അവളെ പറഞ് മനസ്സിലാക്കിയത്. അന്ന് മുതൽ ബന്ധമില്ലാത്ത ജീവിതവും കൊലയും കുറ്റവും എല്ലാംകൂടിവന്നു. പരസ്പരം വാശിക്ക് പുറത്തു ജീവിതമായി മാറി. വിട്ടുപിരിയാണ് താല്പര്യമില്ലാത്ത ഓരോ ചെറിയ മക്കളെയും നാട്ടിൽനിന്ന് തന്നെ മാറ്റി പഠിപ്പിക്കാൻ തുടങ്ങി. ഇങ്ങനെ സന്തോഷത്തിൽ ജീവിച്ച താൻ ആരാരുമില്ലാത്തതായ ഒരാളായി എന്ന് കണ്ണിൽകണ്ട് അവൾ സങ്കടത്തോടെ കരഞ് ഞെട്ടി ഉണർന്നു. പുറത്തേക് നോക്കി തന്റെ ആദ്യജീവിതത്തിലെ നാട്ടിൻപുറവും ഇപ്പോഴത്തെ ഒരു നഗരവുംആലോചിച്ച് വീണ്ടും സങ്കടത്തിൽ ആഴത്തിലേക്ക് ആണ്ടുപോവുകയാണ്. അവധികഴിഞ് തന്റെ നാട്ടിലേക്ക് തിരിച് പോവട്ടെ എന്ന് സമ്മതം ചോദിച്ചപ്പോൾ വിടില്ല എന്ന് മാനേജർ പറയുന്നുണ്ടെങ്കിലും മനസ്സറിഞ്ഞ അദ്ദേഹം അവളെ അയക്കുന്നു. ആദ്യം കണ്ടപ്പോൾ തന്റെ നാടാണോ അതോ താൻ ജോലി ചെയ്യുന്ന നഗരമാണോ എന്ന് സംശയിച്ചെങ്കിലും തന്റെ വീട് കണ്ടപ്പോളാണ് മനസ്സിലായത്. ആരുമില്ല വീട്ടിൽ,അമ്മയും അച്ഛനും ജൊലിക്ക് പോയി.അമ്മൂമ്മ മാത്രം വീട്ടിൽ. അവൾ ചോദിച്ചു അച്ഛാച്ഛനെവിടെ എന്ന് ,അമ്മൂമ്മ സങ്കടത്തോടെ നമ്മെ വിട്ട് പൊയി എന്ന് പറഞ്ഞതും അവളുടെ മനസൊന്ന് ഇടറി. വീണ്ടും നാട്ടുംചുറ്റി കണ്ട് തന്റെ നാട്ടിൻപുറത്തെ അവൾ നന്നായി സങ്കടത്തോടെ പറഞ്ഞു. നാട്ടിൻപുറം നഗരമായി മാറി . എന്തിനാണ് ജീവിക്കുന്നത്. കൂട്ടുകുടുംബത്തോടെ ജീവിച്ച ഞങ്ങളെ വേർപിരിച്ച ആ പൗരനെ കൊണ്ടുവന്നെങ്കിൽ, ഞാൻ ഉറപ്പായും ഈ വേർപിരിഞ്ഞ ജീവിതം മടുക്കുന്നു. ഈ നഗരത്തെ തന്നെ ചേർത്തുനിർത്തുന്ന ഭരണത്തെ സ്വപ്നം കാണുന്നു

# "ജീവിതത്തിന്റെ വർണ മാറ്റങ്ങൾ"

കുന്നുകളും കാടുകളും കൊണ്ട് നിറഞ്ഞ കാട്. വെള്ളച്ചാട്ടത്തിന്റെ ആഴമുള്ള ശബ്ദം മാറിമറിഞ്ഞുകൊണ്ടിരുന്നു. അതിനിടെ ഒരു കാറ്റ് അവനെ വന്ന് തഴുകി... കാറ്റിന്റെ ആ സ്നേഹപൂർവമായുള്ള ആ ചുംബനം അവന്റെ മനസ്സിൽ കുളിരുകോരിയൊഴിച്ചു. അച്ചു നിന്നെ കാണുന്നില്ലല്ലോ നീ എവിടെ? അമ്മുവിന്റെ ശബ്ദമുയർത്തിയുള്ള ആ ചോദ്യത്തിൽ അവൻ ഞെട്ടി. താ.. ഞാനിവിടെ അവന് വീടിനകത്തു ആകെ ബാക്കിയുണ്ടായിരുന്ന ഒരു മരത്തിന്റെ കൊമ്പുകളിൽ നിന്ന് ഇറങ്ങിവന്നു. ഞാൻ മരത്തിലിരുന്ന് പ്രകൃതിയുടെ ഭംഗി ആസ്വധിക്കുകയായിരുന്നു എന്തെന്നറിയില്ല ഒരുപാട് ചിന്തകൾ എന്റെ മനസ്സിനെ വീഴ്ചയിലാകുന്നു. എന്താണ് അച്ചു നിനക്ക് പറ്റിയത് അമ്മു ചോദിച്ചു. അമ്മുവിന്റെ ചോദ്യത്തിന് മറുപടി എന്ന രീതിയിൽ അച്ചു പറഞ്ഞു. നമ്മുടെ ഈ നാടുകളെല്ലാം പഴയകാലങ്ങളിൽ എത്ര രസമായിരുന്നു. പച്ചപ്പുകൊണ്ട് പൊതിച്ച നാട് ഇന്ന് പച്ചയില്ലാത്ത വിധം അവസ്ഥയിലേക്ക് മാറിയിരിക്കുന്നു. വയലുകളും,തോടുകളും, കുളങ്ങളും,കളിസ്ഥലങ്ങളും കൊണ്ട് നിറഞ്ഞ നാട് ഇന്ന് ഫ്ലാറ്റുകളും വാൻ കുറ്റൻ കെട്ടിടങ്ങളുമായി ഉയർന്ന് പൊങ്ങിയിരിക്കുകയാണ്. വികസനത്തിനുവേണ്ടി എന്ന് പറഞ്ഞു നടക്കുന്ന പലരും ഇന്ന് പഴയകാലം മറന്ന് ജീവിതശൈലികളും ഭക്ഷണശൈലികളും മാറ്റിയിരിക്കുകയാണ്. നമ്മുടെ നാടിന്റെ അവസ്ഥയും ഇങ്ങനെ തന്നെയാണ്. പണ്ട് നമ്മുടെ മുത്തശ്ശൻ ജീവിച്ചിരുന്ന കാലത്തു നമ്മുടെ നാടിന്റെ ഭംഗി എത്രയായിരുന്നു. തെങ്ങുകൾ കൊണ്ട് മൂടിയ പ്രദേശം അവിടെ ആളുകൾ ഒത്തൊരുമിച്ചു കൂടി കുശലം പറയുന്നു. കുട്ടികൾ തൊട്ടുകളി പോലെ ഉള്ളവയിൽ ഉല്ലസിക്കുന്നു. മാത്രമല്ല വാർത്തകൾ അറിയാൻ വേണ്ടി ചായപ്പീടികക്ക് മുമ്പിൽ വട്ടം കൂടി ഇരിക്കുന്നു. ഓരോ വാർത്തകൾ വരുമ്പോഴും അവരുടെ മനസ്സുകളിൽ അതിനൊത്ത മുഖഭാവം പ്രത്യക്ഷപ്പെടുന്നു. മാത്രമല്ല നമ്മുടെ മുത്തശ്ശി നമ്മുക്ക് ഉണ്ടാക്കി തരുന്ന രുചിയേറും നാടൻ ഭക്ഷണങ്ങൾ. കളി രസങ്ങൾ പറഞ്ഞു നടന്ന് സമയം നീങ്ങുന്നത് വളരെ പെട്ടന്ന് ആയിരുന്നു. വിദ്യാലയങ്ങളിൽ നമ്മുടെ കൂട്ടുകാരുടെയും നമ്മുക്ക് അറിവുകൾ കൊണ്ട് ജീവിത വിജയത്തിലേക്ക് നയിക്കുന്ന അധ്യാപകർ എത്ര രസമായിരുന്നു. പക്ഷെ ഇപ്പോൾ ജീവിതവും കാലഘട്ടവും മാറ്റങ്ങൾ കൊണ്ട് തകിടം മറിഞ്ഞിരിക്കുന്നു. റോഡുകളുടെ വലിപ്പം വളരെ വീതിയിലാക്കി, മലകളും, കുന്നുകളും, യന്ത്രങ്ങൾ കൊണ്ട് കുത്തിപ്പൊട്ടിച് അവിടെ കെട്ടിടങ്ങൾ നിർമിച്ചിരിക്കുകയാണ് മാത്രമല്ല ഭക്ഷണ ശൈലികൾ തന്നെ മാറിയിരിക്കുന്നു. ജീവിതം എത്ര തന്നെ തിരിച്ചു വന്നാലും പഴയ കാലത്തെ ജീവിതത്തിൽ ഒരിക്കലുമെത്തുകയില്ല. മാത്രമല്ല നമ്മുടെ നാട്ടുകളും പ്രദേശങ്ങളുമൊക്കെ വലിയ ഗ്രാമങ്ങളായി മാറുകയാണ്!.

# വിദ്യാപനത്തിലെ മാറ്റങ്ങളും അച്ചടക്കവും

ആധുനിക കാലഘട്ടത്തിലെ വിദ്യാഭ്യാസ രംഗത്ത് വിവിധ തരത്തിലുള്ള മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്.വിദ്യാഭ്യാസത്തിൽ ഇന്ന് ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ട്. ദിനംപ്രതിയുള്ള ഈ മാറ്റങ്ങൾ വിദ്യാർത്ഥികളെ ഗുണകരമായും ദോഷകരായും ബാധിക്കുന്നുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി കൊണ്ടുവരുന്ന മാറ്റങ്ങൾ ആണെങ്കിലും അവരുടെ അച്ചടക്കത്തെ ബാധികുന്ന ഒരു പ്രശ്നം തന്നെയാണ് അത്. മാറുന്ന രീതികൾക്കൊപ്പം കുട്ടികളിലുണ്ടാവുന്ന മാറ്റവും വ്യത്യസ്തമാണ്. പണ്ടത്തെ രീതികളിൽ നിന്നും ഇന്നതെ വിദ്യാഭ്യാസ രീതികൾ ഒരുപാട് മാറിയിട്ടുണ്ട്. ഈ പുരോഗമനം കുട്ടികളിൽ ഒരുപാട് ദോഷകരമായ മാറ്റങ്ങൾ ഉളവാക്കുന്നുണ്ട്.

വിദ്യാലയം എന്നത് വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോട് കൂടി മാത്രം ഉള്ള ഒന്നല്ല. കുട്ടികളുടെ അച്ചടക്കത്തിലും സ്വഭാവസവിശേഷതകളിലും മാറ്റം വരുത്തുന്നതിൽ വിദ്യാലയം വഹിക്കുന്ന പങ്ക് വലരെ വലുതാണ്. കുട്ടികളുടെ പഠനപുരോഗതി എന്ന തിലുപരി വിദ്യാർത്ഥികളുടെ സ്വഭാവത്തിലെ നന്മയും വളരെ വലിയ ഒരു ഘടകമാണ്. ഇന്നത്തെ വിദ്യാഭ്യാസ രീതി ചില വിദ്യാർത്ഥികളുടെ സ്വഭാവത്തെ ദോഷകരമായും ബാധിക്കുന്നുണ്ട്.

ദോഷങ്ങളോടൊപ്പം ഈ മാറ്റങ്ങളിലെ ഗുണങ്ങളും നമ്മൾ കാണേണ്ടിയിരിക്കുന്നു. സാങ്കേതികരംഗത്തെ വളർച്ച വിദ്യാഭ്യാസത്തിലും ഇന്ന് കണ്ടുവരുന്നുണ്ട്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് കൂടുതൽ ലളിതമായ രീതിയിൽ അറിവുകൾ കൈമാറാൻ അധ്യാപകർക്ക് കഴിയുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസത്തിന്റെ കൂടെ കുട്ടികളിലെ സർഗാത്മകഴിവുകൾക്കും ഇന്ന് പ്രാധാന്യമുണ്ട്. കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കാൻ അത് വളരെയധികം സഹായകരമാണ്. ഒരുപാട് മാറിയിട്ടുള്ളതും എന്നാൽ ഇനിയും മാറ്റങ്ങളുണ്ടാകൻ കയിയുന്നതുമായ മറ്റൊരു തരമാണ് ലിംഗസമത്വം എന്ന ആശയം.എന്തൊക്കെയായാലും സമകാലിക സമൂഹത്തിൽ വിദ്യാഭ്യാസ രംഗത്തിലെ മാറ്റങ്ങൾ കുട്ടികൾക്ക് ഒരുപാട് അവസരങ്ങളും നന്മകളും ഉളവാകുന്നുവെങ്കിലും അച്ചടക്കത്തെ ബാധികുന്ന ഒരു പ്രശ്നവും ആയി അത് മാറുന്നുണ്ട്.

# മാറുന്ന ബോധന സമ്പ്രദായങ്ങളും വിദ്യാലയങ്ങളിലെ അച്ചടക്കവും

നമ്മുടെ ഈ ലോകം ആകെ മാറിമറിയുകയാണ്. നമ്മുടെ വിദ്യാലയങ്ങൾ എല്ലാം ഡിജിറ്റൽ ആവുകയാണ്.പണ്ടൊക്കെ എഴുതിയിരുന്നത് മണലുകളിൽ ഒക്കെ ആയിരുന്നു പിന്നെ അത് മാറി പേപ്പർ ആയി, അതിനുശേഷം ആണ് നമ്മുടെ ഈ നോട്ടുപുസ്തകങ്ങൾ എല്ലാം വന്നത്.ഈ വരാനിരിക്കുന്ന കാലങ്ങളിൽ നോട്ടുബുക്കുകൾ മാറി ടാബ്ലറ്റുകൾ ആകാൻ ഇരിക്കുകയാണ് നമ്മുടെ സർക്കാർ. എല്ലാവരും ഇനി എഴുതേണ്ടതില്ല. കൊറോണക്ക് ശേഷം അധിക കാര്യങ്ങളും മാറിയിരിക്കുന്നു. അധ്യാപകർക്ക് ഇനി ബോർഡിൽ എഴുതേണ്ടതില്ല.എങ്കിലും എല്ലാ സ്കൂളുകളിലും ഉണ്ടായിരിക്കും. അധ്യാപകർക്ക് ആവശ്യമുള്ളത് അതിൽ ഉണ്ടാവും. നമ്മൾ അതിൽ നോക്കി നോട്ടിൽ എഴുതേണ്ടതില്ല. അത് നമുക്കുള്ള ടാബിലോ ലാപിലോ ഉണ്ടാകും നമ്മൾ അത് പഠിച്ചാൽ മതി. ടീച്ചർമാർ റോബോട്ടുകൾ ആയ ടീച്ചർമാർ വരികയാണ്. ഇന്ന് പഠിപ്പിക്കുന്നത് പോലെ ആയിരിക്കും അവർ ക്ലാസ് എടുക്കുന്നത്. ഇന്ന് കുട്ടികൾ കാണിക്കുന്ന മര്യാദ കേടിനെ ഒരു ഉത്തരമായിട്ടാണ് ഈ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് വരുന്നത്. അധ്യാപകർക്ക് വരുന്ന ഈ പൊറുതികേട് എല്ലാം തീരുകയാണ്.ഇപ്പോൾ അതാ പുസ്തകങ്ങൾ മാറുന്നു, സ്കൂളുകളിൽ ഇപ്പോൾതന്നെ ക്ലാസിൽ ഒരു പ്രോജക്ട്റും ഇല്ലാത്ത സ്കൂളുകൾ ഇല്ല. ഏതൊരു ചോദ്യത്തിനും ഉത്തരം പറയുന്ന ഒരു വെബ്സൈറ്റ് ആണ് നമ്മുടെ ചാറ്റ് ജിപിടി എല്ലാം ഉത്തരം പറഞ്ഞു എല്ലാ വ്യക്തമാക്കലിലൂടെയാണ് ഇത് നമുക്ക് പറഞ്ഞു തരുന്നത്. ഇപ്പോൾ കുട്ടികൾക്ക് കിട്ടാത്ത ഉത്തരങ്ങൾ ലഭിക്കാൻ ഇത് വലിയ ഉപകാരമാണ്.ഇതുപോലെ ഡിജിറ്റൽ ആകുമ്പോൾ കുട്ടികൾ അടങ്ങും എന്നാണ് നാം കരുതുന്നത്. നമ്മുടെ ജീവിതവും പഠനവും എല്ലാം മാറിമറിയുകയാണ്.

# ആർക്കുവേണ്ടി

ഒഴുകുന്നിളഞ്ചുടാം നീരുകള–
വളുടെ മണിമുത്ത ധാരങ്ങളിളെല്ലാം
അരുവിയൊഴുകിയാ ആനനപ്പൂവിൽ

അച്ഛനവൻ പൂജിച്ചൊരുക്കിയ ചരടതേ–
റ്റവൻ ചേർത്തുപിടിച്ച മുഷ്ടിക്കുള്ളിൽ
തിളങ്ങുന്ന പുഞ്ചിരിയിലതോർ–
ത്തെന്നും ഒറ്റക്കാവില്ലവളെന്നുമെൻകൂടെ

ഋതുമാറിയതും ആണ്ടു മറഞ്ഞതും
എന്നെന്നോ അതിവേഗ മതോ
കുഞ്ഞിക്കാലു വന്നു പല്ലും വന്നു
ഉറച്ചവനടി മണ്ണിലെങ്ങും

ആദി വന്നു കാലനും വന്നു
എഴുത്തീശ്വരനവളുടെ പ്രിയത–
മനായൊരാ പൊൻ കളത്രനെ
കളത്രിയാമവളെറ്റപ്പെട്ടായരുക്കുഞ്ഞും

ജീവിച്ചവൾ പൊരുതിയവളാ
അരുമകുഞ്ഞിന് യാതന സഹിച്ച്,
ഒരുക്കിയവനെയവനാംകുഞ്ഞിനെ
വിദ്യയിലേക്കും ഉദ്യോഗസ്ഥതയിലേക്കും

അമ്മയൊരുക്കിയവൻക്കൊരു
കുട്ടിനെ കെട്ടിച്ചവനെയമ്മ
കണ്ടാലൊരു തെനായപൊന്നി–
ക്കുടത്തിനെയെന്നാലമ്മയറിയില്ലാ വിപത്തിനെ

പെണ്ണൊരുക്കിയവനെ ക്രൂരനായി
അമ്മയെ അവളൊരു ഭാരമാക്കി
ബന്ധിതനായി ചങ്ങലക്കുള്ളിൽ
ഒരുക്കിയകാനമ്മയെ ഇറക്കാണെന്നത്തേക്കും

അമ്മയറിഞ്ഞാവിവരമറഞ്ഞു
ഈറേതരിച്ചവളുടെ ഹൃദയമതെങ്ങും
അവളാർക്കുവേണ്ടി ഏന്തിനുവേണ്ടി
എടുത്ത്തെറിയാനൊരുങ്ങിയമ്മയാ പ്രാണൻ

ഓർത്താവളവളുടെ പ്രിയതമൻ വാക്കുകൾ
"തനിച്ചല്ല നീയൊരിക്കലുമ്മോർക്കുക
കണ്മണിയായി നോക്കുമെൻ കുഞ്ഞു
നിന്നെ പൊന്നേ സഖിയെ ഓർക്കുക നീ

അവളെരിഞ്ഞതാർക്ക് വേണ്ടി –
യാർക്ക് വേണ്ടി നിലച്ചവളുടെ
പ്രാണനെങ്ങും നിരശ്രയയവൾ
വിപത്തായവൾ..

# പുകഞ്ഞുതീരുന്നവൾ

ലത പോലും മനുഷ്യരെ ചുറ്റിവരിഞ്ഞൊരു ഹരമായി മാറിയ രാവിൽ പത്ത് നേരത്തെ സുഖത്തിനായി വന്നവൻ ത്യാഗിക്കുന്നുവോ അല്ല ജന്മം കേൾക്കുന്നതോ നിങ്ങളീ ദിന രോദനം മരണം ശയ്യയിൽ നിന്നു നീ യൗവനം വിതുമ്പുന്ന എന്നിവനം ഓർത്തുകൊണ്ട ബാല്യത്തിന് പൂക്കാവനം ഓർത്തില്ല അന്നു ഞാൻപുകച്ചു തിയതൊക്കെയും എൻ സുന്ദരമായ കാലമെന്ന് ഓർത്തില്ലഎൻ കരൾ കാർന്നെടുത്തതും വർണ്ണ പകിടന്ന പാനീയം എന്നോ.നവ കാലത്തെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നവകാലത്തെ വിദ്യാലയങ്ങൾ ഭാഗിതമായോ അല്ലെങ്കിൽ പൂർണ്ണമായോ വെറും വിനോദ കേന്ദ്രങ്ങൾ ആയി പരിവർത്തനം ചെയ്യപ്പെടുന്നുണ്ടോ എന്ന് ചോദ്യം ചോദിക്കുന്നതിൽ യാതൊരു തെറ്റുമില്ല കാരണംചോദിച്ച് ഇറങ്ങുന്ന ഏതൊരു മനുഷ്യരാശിക്കും അവളുടെ ചുറ്റുപാടുകൾ തന്നെ ഒരു വലിയ തെറ്റാണ് ബോധവൽക്കരണം എന്ന്പറയുന്ന ബൃഹത്തായ സംഗതി നവകേരളത്തിൽ അതിൻറെ രൂപരേഖ തന്നെ മാറിക്കൊണ്ടിരിക്കുകയാണ് നമ്മുടെ ചുറ്റുപാടിലെ വിദ്യാലയങ്ങളിലെ മാറുന്നബോധന സമ്മിതയങ്ങൾ നമ്മുടെ സ്കൂളിലെ അച്ചടക്കബോധത്തെ തന്നെ തൂത്തുവാരി കൊണ്ടിരിക്കുകയാണ് എന്നത് വാസ്തവം ഈ അടുത്തകാലത്ത് നമ്മുടെ കേരളത്തിൽ പുറപ്പെടുവിച്ച പുതിയ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ തന്നെ വലിയ വിവേകങ്ങൾക്ക് വഴിതെളിച്ചിരുന്നു പ്രസ്തുത പരിഷ്കാര പട്ടികയിലെ ഓരോ ജനവും കേരളത്തിലെ ജനങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാത്തത് ആയിരുന്നു അതുകൊണ്ട് തന്നെ വലിയ തരത്തിലുള്ള പ്രതിഷേധ ങ്ങളിലേക്ക് അത് കാൽ കുത്തിയിട്ടുണ്ട് നമ്മുടെ നവകാലത്തെ സ്കൂളുകൾ തന്നെ എടുത്തു നോക്കിയാലും ബോധവൽക്കരിക്കൽ എന്ന ഘടനയുടെ അളവ് ഭംഗിയായി എങ്കിലുംകുറഞ്ഞതായി നമുക്ക് വീക്ഷിക്കാൻ കഴിയും .അതിനു മികച്ച ഒരു ഉദാഹരണമാണ് നമ്മുടെ സ്കൂളുകളിൽ ഒക്കെ നരമടി കൊണ്ടിരിക്കുന്ന കഞ്ചാവ്മാഫികളും മറ്റും ലഹരി ഉപയോഗങ്ങളും മറ്റുമൊക്കെ നാം ജീവിച്ചു കൊണ്ടിരിക്കുന്ന ഇന്ത്യയിൽ പലതരം വിദ്യാഭ്യാസ പരിഷ്കാരങ്ങളും ഉദ്ഭവിച്ചിട്ടുണ്ടെന്ന് നമ്മുടെ സ്കൂളുകളിലെ സിലബസിലെ പരിത്യാടത്തിലായിരുന്നു കൂടുതലായും മാറ്റം വന്നത് പ്രത്യേകിച്ച് ഇന്ത്യ ഭരിക്കുന്ന സർക്കാറിന്റെ ഭാഗത്തുനിന്നുണ്ടായ രാഷ്ട്രീയവൽക്കരണവും ഇന്നത്തെ കേരളത്തിലെ നിലവിൽ വന്ന പല പുതുക്കിപ്പണിത സിലബസുകളിലും വിദ്യാർത്ഥികളുടെ പഠനത്തിന് തന്നെ സാരമായി ബാധിച്ചിട്ടുണ്ട് എന്നതാണ് സത്യം ഈ പുതിയ അവസ്ഥ മാറ്റാമെന്ന് കുറ്റബോധത്തോടെ ആവണം നമ്മുടെമക്കൾക്കുള്ള വിദ്യാഭ്യാസം നൽകേണ്ടത് ഓൺലൈൻ കാലത്തെ പഠനത്തിൻറെ ദർശവശം എന്ന് പറയുന്നത് മൊബൈൽ ഫോണുമായുള്ള ഒരു ഉപയോഗമായിരുന്നു ഇതിൽനിന്ന് നാം മനസ്സിലാക്കേണ്ടത് മൊബൈൽഫോണുമായുള്ള ഉപയോഗത്തെ പൂർണ്ണമായും രക്ഷിതാക്കളും അതിനതമായി ആക്കിയ നിയന്ത്രണ എന്നുള്ളതാണ് ഇതിൽ ഉപരി കേരളം എന്ന സംസ്ഥാനത്തെ പൂർണമായി അല്ലെങ്കിൽ വിദ്യാഭ്യാസപരമായി ഉയർന്ന ഉന്നതയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തിൽ ആയിരിക്കണം നമ്മുടെ ഓരോ നിമിഷത്തെ പഠനവും വിഷയം നാട്ടിൻപുറങ്ങളെല്ലാം നഗരമായി മാറുമ്പോൾ ഭൂമിയുടെ കണ്ണീർത്തുള്ളി നഗരമായി മാറി ടിം ടീം ടിം എന്ന ബെല്ലിന്റെ മുഴക്കം കേട്ടാണ് രമ്യ എഴുന്നേറ്റത് ആ മുഴക്കം എപ്പോഴും കാതിൽ മുഴങ്ങുന്നുണ്ടായി അവൾ അവൾ ദുബെയിലാണ് എണീറ്റ് ഉടൻ തന്നെ കൈകൾ നേരെ ഉയർന്നത് മൊബൈൽ ഫോണിന് അടുത്തേക്കാണ് അമ്മയുടെ കോൾ ആണ് കട്ട് ചെയ്യേണ്ട എടുത്തേക്കാം അമ്മേ ഞാനിന്ന് തന്നെ നാട്ടിലെത്തും എന്നും പറഞ്ഞ് അവൾ ഫുൾ സ്യൂട്ടായി അവൾ റൂമിൽ നിന്നിറങ്ങി .വീണത് വണ്ടികളുടെ പട പട ശബ്ദത്തിലേക്കായിരുന്നു പീ പീ ഈ ശബ്ദം ഇന്നേക്ക് കൂടി വന്നു എന്നത് സത്യം തന്നെ അവൾ ഫ്ലൈറ്റിൽ കയറി നാട്ടിലെത്തി അവളെ പത്താം ക്ലാസിൽ നിന്ന് മാമൻ ജോലിക്കായി കൊണ്ടുപോയതാണ്ഇവിടെ ഇപ്പോൾ അവൾക്ക് 20 വയസ്സ് തികച്ചും തികഞ്ഞു അവൾ വിമാനത്താവളത്തിൽ നിന്ന് ഒരു ടാക്സി വിളിച്ച് അതിൽ കയറി അവളുടെ വീടുംസ്ഥലവും പറഞ്ഞു കേൾപ്പിച്ചു അവൾ പുറത്തേക്ക് നോക്കിയപ്പോൾ ദുസ്വപ്നമോ സത്യമോ എന്നില്ല വീടിനടുത്ത് പണ്ട് അഞ്ചു രൂപയ്ക്ക് പഴംപൊരി കപ്പും കിട്ടുന്ന ചായക്കടക്കാരൻ ഇപ്പോൾ വലിയ മനം മുട്ടയുള്ള സൂപ്പർമാർക്കറ്റ് ആയി മാറിയിരിക്കുന്നു അവളുടെ കണ്ണുകൾ പുറത്തേക്ക് തള്ളി നിൽക്കുന്നു കണ്ണുകളെ മെല്ലെ ഒന്ന് അടക്കിപ്പിടിച്ചു നിർത്തി ഒരു പുറം റോഡ് പണിക്കാർ വിയർപ്പ് തുള്ളികൾ ദാരിട്ട റോഡിൽപതിപ്പിച്ച അവരുടെ അസ്വസ്ഥനീയമായ ജോലി നിർവഹിക്കുന്ന ഇത് അവർ മനസ്സിൽ പാറക്കല്ല് കുടുങ്ങിയ പോലെയാവാം അങ്ങനെ കണ്ണുവെട്ടം നേരം കൊണ്ട് വീട്ടിലെത്തി അമ്മ കരഞ്ഞൊരു അവസ്ഥയിൽ നമ്മളുടെ വീട് റോഡ് പണിക്കാർക്ക് വേണ്ടി വേണമെന്ന് ഓർഡർ വന്നു. ഈ പറച്ചിൽ അവളുടെ മനസ്സിലും പാറക്കല്ലുകൾ വീണു എന്നതാണ് സത്യംജീവനുള്ളപ്പോൾ ആർക്കും ആരുടേയും പ്രയാസങ്ങൾ മനസ്സിലാക്കാനോ...മുഖത്ത് നോക്കുവാനോ...എന്തെങ്കിലും വിഷമം ഉണ്ടോ... എന്ന് ചോദിക്കാൻ പോലുംസമയം ഇല്ലാത്ത വീതം തിരക്കിലാണ്എല്ലാവരും...എന്നാൽ മരിച്ചു കഴിഞ്ഞാൽകണ്ണീർഒഴുക്കുകയും പ്രതിഷേധിക്കുകയും ചെയ്യുംഎന്തിന്?...ജീവിച്ചിരിക്കുമ്പോൾ കിട്ടാത്ത എന്ത് പരിഗണനയാണ് നിങ്ങൾക് മരിച്ചുകഴിഞ്ഞു കൊടുക്കാൻ ഉള്ളത്?ജീവിച്ചിരിക്കുമ്പോൾ കൂടെ ഉണ്ടായിരുന്നെങ്കിൽആർക്കും ജീവനൊടുക്കാൻതോന്നുകയില്ലല്ലോ


നിദ ഷെറിൻ. കെ
10.O

# വായന(ലേഖനം)

ഒരു വ്യക്തിയുടെ ജീവിത വളർച്ചയ്ക്ക് പിന്നിൽ വായന വഹിക്കുന്ന പങ്ക് വളരെ വലുതാണ.വായനയിൽ നിന്നും ഉള്ള അറിവുകൾ ജീവിത വിജയത്തന് നിന്ന് വളരെ അനിവാര്യമാണ്.

"വായിച്ചാൽ വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചാൽ വിളയും
വായിച്ചില്ലെങ്കിൽ വളയും"

എന്ന കുഞ്ഞുണ്ണി മാഷിന്റെ വരികൾ അർത്ഥവത്തുള്ളതാണെങ്കിലും നമ്മൾ ആരും ഇതിന്റെ അർത്ഥത്തെ പറ്റി ചിന്തിക്കാറില്ല. ഈ വരികൾ നമ്മുടെ കാലഘട്ടത്തിൽ വളരെ അർത്ഥവത്തുള്ളതാണ്. വിരൽ തുമ്പിൽ ഇപ്പോഴത്തെ ലോകം. ഇന്റർനെറ്റ് ഉപയോഗം, മൊബൈൽ ഫോൺ, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ട്വിറ്റർ, വാട്സ്ആപ്പ് എന്നിവയെല്ലാം കാരണം വായനാശീലം ഇല്ലാതെകുറഞ്ഞു. കുട്ടികൾ പോലും മൊബൈൽ ഫോണിൽ ഒതുങ്ങി കഴിഞ്ഞു. ധാരാളം പുസ്തകങ്ങൾ ഉണ്ടായിട്ടും വായിക്കാൻ ആർക്കും താല്പര്യം ഇല്ല. ധാരാളം പുസ്തകങ്ങൾ വായിക്കുന്നതിൽ അല്ല അതിൽ നിന്നെല്ലാം എന്ത് ലഭിച്ചു എന്നതിലാണ് പ്രാധാന്യം.ധാരാളം വായനശാലകൾ നമ്മുടെ ലോകത്ത് ഉണ്ടെങ്കിലും അതൊന്നും ആരും ശ്രദ്ധിക്കാറില്ല. വായിക്കാനുള്ള അവസരം ഉണ്ടായിട്ടും വായിക്കാത്തതാണ് തെറ്റ്. നമ്മുടെ പുസ്തകവും ചങ്ങാതിയും ഒരുപോലെയാണ്. ഒരു നല്ല പുസ്തകം അവനെ നന്മയുടെ പാതയിലേക്ക് നയിക്കുന്നു.



"ഞാൻ പുസ്തകങ്ങളെ സ്നേഹിക്കുന്നു. പുസ്തകങ്ങളിലൂടെ ഞാൻ സുഹൃത്തുക്കളുടെ ക്ഷാമം നികത്തുന്നു" എന്ന വായനയുടെ മഹത്വത്തെ പറ്റി പറയുന്ന ഈ വരികൾ ഭരണഘടനയുടെ പിതാവായ ബി ആർ അംബേദ്കർ പറഞ്ഞതാണ്. വായന വളർത്താൻ ഏറെ പരിശ്രമിക്കണം. നല്ല പുസ്തകങ്ങളും ചീത്ത പുസ്തകങ്ങളും ഉണ്ട്. ആദ്യം ചീത്ത പുസ്തകങ്ങളെ നാം വെടിയണം. ചീത്ത പുസ്തകങ്ങളെ വായിക്കുന്നത് ചീത്ത കൂട്ടുകാരനോട് കൂട്ടുകൂടുന്നതിന് തുല്യമാണ്. അതിനാൽ ചീത്ത പുസ്തകങ്ങളെ വെടിയാനുള്ള ബോധം നമുക്ക് ഉണ്ടായിരിക്കണം. വായന നമ്മുടെ ശീലമാകണം, സംസ്കാരം ആകണം. ആരോഗ്യത്തിന് ഭക്ഷണം എന്നപോലെ മനസ്സിന് വായന വളരെ അത്യന്തപേക്ഷിതമാണ്. ധാരാളം മഹാന്മാർ വായനയെ പറ്റി ധാരാളം വചനങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ വചനങ്ങളിൽ നിന്നെല്ലാം വായനയുടെ പ്രാധാന്യത്തെ നമുക്ക് മനസ്സിലാക്കി തരും. സ്വയം നവീകരണത്തിനും സാമൂഹ്യ പരിഷ്കരണത്തിനും വായനയോളം ഊർജ്ജം പകരുന്ന മറ്റൊന്നുമില്ല. സാങ്കേതികവിദ്യ ഒന്നും വായനയെ ബാധിക്കുന്ന ഘടകമേ അല്ല. ഘടകം ആകാനും പാടില്ല. നമുക്കറിയാം പണ്ടത്തെ ആളുകൾ നമ്മുടെ അത്ര പോലും വായിച്ചിരുന്നവർ അല്ല. എന്നാലും അവർക്ക് ധാരാളം അറിവുകൾ ഉണ്ടായിരുന്നു. അതെല്ലാം അവർക്ക് പുസ്തകങ്ങളിൽ നിന്നുമാണ് ലഭിച്ചത്. അവർക്ക് ലഭിച്ച അറിവുകൾ അവരുടെ ജീവിതത്തിന്റെ ഭാഗമാക്കിയിരുന്നു. ഇതിന് ഒരു ഉദാഹരണം ആയിരുന്നു എബ്രഹാം ലിങ്കൺ. വളരെ ദരിദ്ര കുടുംബത്തിലാണ് അവർ ജനിച്ചത്. പുസ്തകത്തിനോട് കടുത്ത ആരാധനയായിരുന്നു അദ്ദേഹത്തിന്. അങ്ങനെ അദ്ദേഹം ഒരാളിൽ നിന്നും പുസ്തകം വാങ്ങിച്ചു. പക്ഷേ അദ്ദേഹത്തിന് അത് തിരിച്ചു കൊടുക്കാൻ ആയില്ല. അതിനാൽ അദ്ദേഹത്തിന് ഒരു ദിവസം മുഴുവൻ വിറക് വെട്ടി കൊടുക്കേണ്ടി വന്നു. ഇങ്ങനെയൊക്കെയാണ് അദ്ദേഹം ലോകം അറിയപ്പെട്ട അമേരിക്കൻ പ്രസിഡണ്ടായി മാറിയത്. ഇതിൽനിന്നെല്ലാം നമുക്ക് ലഭിക്കുന്നത് അദ്ദേഹത്തിന്റെ വായനയെ പറ്റി തന്നെയാണ്. അദ്ദേഹം വായിച്ച പുസ്തകങ്ങളിലെ അറിവുകൾ അദ്ദേഹം ജീവിതഭാഗമാക്കി. അതുതന്നെയാണ് അദ്ദേഹത്തിന് ഇത്ര വലിയ സ്ഥാനം കൈവരിക്കാൻ ആയത്. എത്രയൊക്കെ പറഞ്ഞാലും വായനയുടെ പ്രാധാന്യം തീരുന്നില്ല ഇതോടെഈകുഞ്ഞുലേഖനംഅവസാനിക്കുന്നു.ഒരിക്കൽ കൂടി :-

വായിക്കൂ,അറിവുകൾ നേടൂ,ജീവിതത്തിൽ പകർത്തൂ....

Fathima Jaza Ap
9. C

# പുകഞ്ഞു തീരുന്നവർ

" പുകയും പകയും

ഒരുമിച്ചാലെന്ത്?കുന്തം ആണ്ടുറച്ച ജീവിതം."

എന്തോരു ജീവിതമിത്?

തീയിട്ടേരിഞ്ഞ ജീവിതമിത്

തീയും പകയും പുകയും കാർമേഘംപോൽ

ആഞ്ഞുകൂടിയതീ ജീവിതത്തിൽ

സന്തോഷവും സ്നേഹവും എന്തന്നറിയാത്ത

ലോകമെന്നീതറവാടിലായിരം പേർ

പുകഞ്ഞു തീരാൻ വേണ്ടി മാത്രമായി ജനിച്ചവർ

എന്നും അതിനായി നിൽക്കുന്നവർ

ആകുലചിന്തകളായിരം കുന്തങ്ങൾ ആഴത്തിൽ

ചാർത്തുന്ന മുറിവുകളുമായി

വാക്കിലും പ്രവർത്തിയിലും പോലും പച്ചപ്പുകയായി

തീരുന്നവർ

പുകയുടെ മറവിൽ മഞ്ഞുമൂടിയപോൽ

ജീവിതം മടുത്തവരുണ്ട്താനും

സന്തോഷത്തിൻ മധുരമറിയാതെ

പക്ഷിക്കൂട്ടിൽ താമസിക്കുന്നവരനധി പേർ

വേദനയും മുറിവുകളും പാടുകളുമായി മാത്രം

ജീവിതം നീട്ടുന്നവരുമനവധി പേർ

ഇതിനെല്ലാം മരുന്നായി മാറാത്ത കൊടും വേനൽപോൽ

തീരാത്ത ദാരിദ്ര്യവും

കടവും പലിശയുമെല്ലാം ഒരു കുന്തമായി ശിരസ്സിലെത്തുന്നേരം

ജീവിതമെന്നത് മടുത്തുപോയിയവ എല്ലാം കളഞ്ഞവർ അനവധിയും

വേദനയും സങ്കടവും വേവലാതിയും

മാത്രം ജീവിതത്തിൽ കൂടപ്പിറപ്പുമായി ജീവിതം മാറി മറിഞ്ഞോവർ

വീട്ടിലില്ല, നാട്ടിലില്ല, സഹപാഠികളില്ലാ

ആരും തനിക്കുമില്ല

തിളയ്ക്കുന്ന സ്നേഹത്തിൻ

ലോകത്തിൽ ആർക്കും വേണ്ട പാഴ് വസ്തു പോൽ

ആകെ ജീവിതം കാർമേഘമായി മാറി

കണ്ണുനിറഞ്ഞ ജീവിതമൊരു–

വെള്ളം നിറച്ച മേഘം പോലെ

പണിയെടുക്കാൻ മാത്രമായി നിയോഗിച്ചവർ

പലരും പ്രകൃതിയമ്മയിലെ ഈ ജീവന് മാത്രം

ഇത്ര ദുരിതം നീയെന്തിന് തന്നു

ദയയില്ലാതെ പെരുമാറും പലർക്കും ഇത്രയനുഗ്രഹം നീ ചൊരിഞ്ഞു

നീയെനിക്കെന്തിനീയവസ്ഥ  തന്നു

എന്തിനും ഏതിനും കണ്ണുതുള്ളിയായ് അവശേഷിക്കും ജീവിതം

നീ തന്ന ജീവിതമത് പുകഞ്ഞു തീർക്കാനായി മാത്രം

പാഴ്വസ്തുപോൽ കത്തിജ്ജ്വലിക്കാൻ വയ്യാത്തതെത്ര പേർ....

എത്രപേർ...അതിലീ പാവം സ്ത്രീയും

സൗന്ദര്യവും ഭംഗിയും തന്നിട്ടെന്ത കാര്യം

ജീവിതം സമാധാനം നിറഞ്ഞതായിരിക്കണം

ദൈവം തന്ന ഈ ജീവിതമത്

വെറും പുകഞ്ഞു തീരുവാൻ വേണ്ടി മാത്രം

ദയയായ ശബ്ദം കേൾക്കാൻ വയ്യ

ആർക്കും അതിനെ കാണാൻ വയ്യ

പുകഞ്ഞു തീരുവാൻ വേണ്ടി മാത്രം

വെറും പുകഞ്ഞു തീരുവാൻ വേണ്ടി മാത്രം....

ആഴത്തിൽ പോകും ചെടി വള്ളി പോൽ

ആഴമായി എന്റെ ദുരിതവും.....!

പുകഞ്ഞു തീരുന്ന മനുഷ്യർ

കഥയുള്ള ജീവിതത്തെ കഥയില്ലാതാക്കിയവർ

ജീവിതം തന്നെ നഷ്ടപ്പെട്ടവർ

തീരാത്ത പകയുണ്ടവരോട്

ജീവിതം മൊത്തം ഇരുട്ടിലാണ്

ജീവിതം മുഴുവൻ തീ ച്ചുടിനാൽ;

പുകഞ്ഞു തീരുന്നു

തീരാത്ത തിരക്കിനിടയിലും

തൻ പിഞ്ചോമനകൾക്കു തിരക്കിയവർ

ജീവിതം മുഴുവൻ ഉരുകി കവിയുകയാണ്

# മാറ്റമിതിത്രയോ?

-------

നാളെ അപ്പു മണ്ണാത്തുക്കുന്ന് വിടുകയാണ്. കുടുംബഭാരം ഏറെ കൂടിക്കൊണ്ടിരിക്കുന്ന അച്ഛനും ചേട്ടനും മാത്രം പരിശ്രമിച്ചിട്ട് കാര്യമില്ല അനിയത്തിമാരായ അമ്മുവിനും അച്ചുവിനും കല്യാണം പ്രായം അടുത്തുകൊണ്ടിരിക്കുന്ന അച്ഛൻ്റെ കൃഷിയിൽ നിന്നും വലിയ ലാഭമില്ല ജേഷ്ഠന്റെ പലചരക്ക് കടയിൽ ആകട്ടെ കച്ചവടവും കുറവ് അമ്മാവൻ ദുബായിൽ ഒരു ജോലി ശരിയാക്കിയിട്ടുണ്ട്. ഹൃദയമിടിപ്പുള്ള യന്ത്രം ആകാൻ അവൻ തയ്യാറായിക്കഴിഞ്ഞു.

നാളെ പോകുന്നതിനു മുമ്പ് അപ്പുവിനു ചിലയിടങ്ങളിലേക്ക് പോകുവാൻ ഉണ്ട് അവനോടിനടന്ന അവൻ്റെ ബാല്യകാല ഓർമ്മകൾ ഉള്ള ചിലയിടങ്ങളിലേക്ക്. കായലോട് ചേർന്നിരിക്കുന്ന കളകള നാദമൊഴുക്കി ഒഴുകുന്ന ആ കായലോരത്തിലേക്ക് അവൻ കൂട്ടുകാരോടൊത്ത് പോയി. സമയം ഏറെ അവനവിടെ കൂട്ടുകാരുമൊത്ത് ചിലവഴിച്ചു.നീരാട്ടും കഴിഞ്ഞവർ നേരെ നാരായണേട്ടന്റെ ചായക്കടയിൽ പോയി ചില്ലു കൂട്ടിൽ ഉറങ്ങുന്ന വടയും പലഹാരങ്ങളും
റേഡിയോയിലൂടെ ഒഴുകുന്ന പഴയ ചലച്ചിത്ര ഗാനങ്ങളും പഴയ സിനിമ പോസ്റ്ററുകളും ഒട്ടിച്ച ആ കുഞ്ഞു ചായക്കടയിലേക്ക് അവർ പോയി. നാരായണേട്ടൻ ചായവീശി അടിച്ചു കൊണ്ടിരിക്കുന്നു. ചായ പതഞ്ഞ് ഗ്ലാസിൽ എത്തുന്നു .അപ്പുവും കൂട്ടരും പഴയ മരപ്പടിയിൽ ഇരുന്നു. നാരായണേട്ടൻ ചായയും കടിയുമായ ആർക്കും മുന്നിലെത്തി. അവരാ ചായയും കുടിച്ച് കാശും കൊടുത്തു നേരെ മറ്റൊരിടത്തേക്ക് പോയി.

ആകാശ മേഘങ്ങൾ മലമേടുകളെ വാരിപ്പു ണർന്ന് ചുംബിക്കുന്ന മേട്ടുകളിലേക്ക് പോയി. ഒരുപാട് നേരം അവർ അവിടെയിരുന്നു. ശക്തമായ കാറ്റ് അവനെ വാരിപ്പുണർന്നു പിന്നീട് അവർ അപ്പുവിന്റെ വീടിനു പിന്നിലുള്ള ആ വയലോരത്തേക്ക് പോയി വയലോരത്തെ അ പൊൻ നെല്ലിൻ കതിരുകളെല്ലാം ഇളങ്കാറ്റ് വന്ന് ചരിക്കുന്നുണ്ടായിരുന്നു. തൻ്റെ നാടിൻ്റെ ഭംഗി അവൻ ആസ്വദിച്ചിട്ടും മതി വരുന്നില്ലായിരുന്നു.

ഘടികാരം നിലച്ചു കൊണ്ടിരിക്കുന്നു അപ്പു വീട്ടിലേക്ക് പോയി അവിടെ എല്ലാവരും അവന്റെ പിരിയലിൽ ദുഃഖിതരാക്കാൻ പോവുകയായിരുന്നു. അതുകണ്ട് ഇരിക്കുവാൻ വയ്യ അവനു പോയേ മതിയാകൂ. സൂര്യൻ വിടവാങ്ങി ഇരുട്ടിൻ്റെ അന്ധകാരത്തിലേക്ക് കടന്നു കൊണ്ടിരിക്കുന്നു. അവന് എയർപോർട്ടിൽ എത്താനുള്ള ജീപ്പ് വന്നു എല്ലാവരും എത്തിക്കഴിഞ്ഞിരുന്നു അപ്പു പെട്ടിയുമായി ഉമ്മറത്തേക്ക് ഇറങ്ങി ഒരു കൂട്ടക്കരച്ചിൽ അവൻ കേട്ടു .അവൻ അത് വക വെച്ചില്ല എല്ലാവരോടും യാത്ര പറഞ്ഞവൻ ഇറങ്ങി. വീശി പറക്കുന്ന മണലോരങ്ങൾ അവനോട് പറയാനായി ഒരുപാട് കാര്യങ്ങളൊരുക്കിയിരുന്നു
ആ മണലോര നാട്ടിൽ അവൻ എത്തിപ്പെട്ടു. നഗരവീഥിയും മണലോരങ്ങളും കണ്ടവൻ മടുത്തു എന്നാൽ തിരിച്ചു പോകാൻ വയ്യ അവൻ്റെ ജീവിത സാഹചര്യങ്ങൾ അവനെ അവിടെ പിടിച്ചുവച്ചത് പത്തു വർഷം തൻ്റെ നാട്ടു പോലും കാണാതെ.......
ഋതുമാറി ആണ്ടുംമാറി പത്ത് വർഷത്തെ ഇടവേളക്കുശേഷം ഇന്ന് നാട്ടിലെത്തി .അവനെ കൂട്ടിക്കൊണ്ടു പോകാൻ എയർപോർട്ടിൽ കൂട്ടുകാർ കാറുമായി എത്തിയിരുന്നു അവരെല്ലാം മാറി വേഷം മാറി കോലം മാറി മണ്ണാത്ത് കുന്നിൽ അവൻ എത്തി പഴയ ഗ്രാമീണഭംഗി പ്രതീക്ഷിച്ചെത്തിയ അവൻ ഗ്രാമം അവിടെ എന്ന് ചോദിക്കേണ്ട അവസ്ഥയായി . തന്റെ കായൽ ഫ്ലാറ്റായി മാറി ആ വയലോരം ആകാശം മുട്ടുന്ന ബിൽഡിങ്ങുകൾ ആയി . ആമലമേട്ടുകൾ ഇന്നില്ല .എല്ലാം തകർന്നടിഞ്ഞു തരിപ്പടമായി ആ കുളക്കര മണ്ണിട്ടു മാൾ പണിതു. തൻ്റെ ഓടിൻവീട് ഇരുനില മാളികയായി ജേഷ്ഠന്റെ കട സൂപ്പർമാർക്കറ്റ് ആയി . അച്ഛൻ കിടപ്പിലുമായി . താൻ എവിടെയാണെന്നും വീട് എതെന്നും അറിയാതെ അവൻ ആശ്ചര്യപ്പെട്ടു എല്ലാം മാറി മാറാത്തതായി അപ്പു മാത്രം.

ഫാത്തിമ നസ്‌ല
10. L

# വിജ്ഞാനം

------

അറിവ് ഏതൊരു മനുഷ്യന്റെയും ജീവിതത്തിൻറെ തുടക്കമാണ്. ഏകദേശം ഒരു കുഞ്ഞിൻറെ ബുദ്ധിവികസിക്കുന്ന പ്രായമാകുമ്പോൾ തന്നെ വിദ്യാലയത്തിൽ എത്തിച്ചേർന്നിരിക്കും. ആ വ്യക്തിയുടെ ഭാവി നല്ലതാക്കുക, ഒരു പൗരനായ ജീവിക്കുക, എന്നതാണ് വിദ്യാഭ്യാസം നേടുന്നത് കൊണ്ടുള്ള പ്രധാന ഉദ്ദേശം. തന്റേടവും സംസ്കാരവും നേടി പൗരത്വത്തോടെ സമൂഹത്തിൽ വാഴുക എന്ന ഉദ്ദേശത്തോടെയാണ് ഏതൊരു വിദ്യാർത്ഥിയുടെയും വിദ്യാലയത്തിലേക്ക് നയിക്കുന്ന കാൽ ചുവട്.

# വിദ്യാലയം:

ഒരു വ്യക്തിയുടെ അറിവും വിജ്ഞാനവും സംസ്കാരവും വളർന്നുവരുന്നതിനു വേണ്ടി വിദ്യാലയത്തെ ആശ്രയിക്കുക നിർബന്ധമായതാണ്. ഒരു വ്യക്തി തന്റേടവും സംസ്കാരവും എന്തെന്നും അറിവ് എന്നാൽ എന്തെന്നും മനസ്സിലാക്കു ന്നത് വിദ്യാലയത്തിലൂടെയാണ്. നല്ല ഒരു പൗരൻ ആകുവാനുള്ള വിദ്യാഭ്യാസം നൽകുക എന്നതാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രധാന ഉദ്ദേശം.

ആദ്യകാലത്തിൽ ചെറിയ മഠങ്ങളും പള്ളിക്കൂടങ്ങളുമായി വളരെ ചെറിയ രീതിയിൽ മാത്രമേ വിദ്യാഭ്യാസിക്കാനുള്ള കേന്ദ്രങ്ങൾ ഉണ്ടായിരുന്നുള്ളൂ എന്നാൽ ഇന്ന് വലിയ വലിയ സർക്കാർ സ്ഥാപനങ്ങളും ഇംഗ്ലീഷ് മീഡിയം, സിബിഎസ്ഇ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

വിദ്യാഭ്യാസം:

ഓരോരുത്തരുടെയും ഭാവി നിർണയിക്കുന്നതാണ് വിദ്യാഭ്യാസത്തിന്റെ പ്രധാന നേട്ടം. നല്ലവരാകുക , സൽസ്വഭാവിയാകുക, സംസ്കാരം ഉള്ളവരാകുക, സമൂഹത്തെ അറിയുക, സാഹചര്യത്തിനനുസരിച്ച് പെരുമാറുക എന്നീ ആശയങ്ങൾ വിദ്യാഭ്യാസം മുന്നോട്ടുവയ്ക്കുന്ന പ്രധാന ഘടകങ്ങളാണ്.

ഏതൊരു മനുഷ്യന്റെയും അടിസ്ഥാന ഘടകമാണ് വിദ്യാഭ്യാസം. ഇന്നത്തെ വിദ്യാഭ്യാസം എന്നത് സ്കൂളുകളിൽ മാത്രമല്ല പലവിധ സോഷ്യൽ മീഡിയകളെയും ചാനലുകളെയും ആശ്രയിക്കുന്നുണ്ട് വീട്ടിലിരുന്നും വിദ്യ നേടാനുള്ള സൗകര്യം ഇപ്പോൾ നിലവിൽ ലഭ്യമാണ് .മനുഷ്യസമൂഹം നിർണയിക്കുന്ന പല പല പ്രശ്നങ്ങളും ഇന്ന് വിദ്യാഭ്യാസ കുറവ് മൂലമാണ്.

ഓരോ മഹാമാരിയായ രോഗങ്ങളെ പോലും എതിർത്തുകൊണ്ട് പല സാഹചര്യങ്ങളിൽ വിദ്യാഭ്യാസിക്കാനുള്ള സാഹചര്യങ്ങൾ സർക്കാർ ഒരുക്കിയിട്ടുണ്ട്. വിദ്യാഭ്യാസം ഇല്ലാത്ത ഒരു വ്യക്തിക്ക് സമൂഹത്തിൽ ജീവിക്കുക എന്നത് വളരെ പ്രയാസകരമായതാണ്. സമൂഹത്തിൽ നല്ലവനായ നിലനിൽപ്പിന് വിദ്യാഭാസം അത്യാവശ്യമാണ്

# നിലവിളി

----

എന്തൊക്കെ ശബ്ദങ്ങൾ നാം കേൾക്കാറുണ്ട്? രാവിലെ എണീറ്റത് മുതൽ രാത്രി ഉറങ്ങുന്നത് വരെ ശബ്ദങ്ങൾ. അത് ധാരാളവും വലിയതും ചെറുതുമായി വേറെ.നാം ജീവിക്കുന്നത് ശബ്ദകോലാഹല ങ്ങൾക്കിടയിൽ ആണല്ലോ. വീട്ടിൽ കോഴി കൂവുന്നു, വെള്ളത്തിൻ്റെ പോക്ക്, പാത്രങ്ങളുടെ കലപില,അതിനിടയിൽ ചായ ചൂടാക്കുന്നതിന്റെ ശബ്ദം വേറെ കുട്ടികൾ എഴുന്നേറ്റ് സ്കൂളിൽ പോകുന്നു. ഭർത്താവ് ബ്രേക്ക് ഫാസ്റ്റ് റെഡി ആയോ എന്ന് വിളിച്ചു കൂവുന്നത്. ഉച്ചയ്ക്കോ, അലക്കുന്നത്, അയലിൽ ഇടുന്നത് അമ്മായിയമ്മയും അമ്മായിയപ്പനും ടിവിയുടെ മുമ്പിൽ ഇരിക്കുന്നത്, അങ്ങനെ എന്തൊക്കെ. റേഡിയോ, നിർത്താത്ത ഫോൺവിളി, ചീറിപ്പായുന്ന വണ്ടികൾ, അങ്ങനെ വേറെയും. ഇതിന്റെ ഒക്കെ ഇടയിൽ ഞാനും എൻ്റെ ശബ്ദങ്ങളും മറ്റുള്ളവർ കേൾക്കാതെ നിലവിളിക്കുന്നു. ഒരു ഏക നിലവിളി......

ഫാത്തിമ ഫിദ തെക്കേതിൽ
9 F

# ചാരുകസേര

-----

ഇന്നലെ മുതൽ പിടികൂടിയ പനി എന്നെ അനങ്ങാൻ അനുവദിച്ചില്ല. പുറത്തെ ചെരിഞ്ഞു പെയ്യുന്ന മഴ കാണാനായി പുതപ്പ് ഒന്നുകൂടി അണച്ചുപിടിച്ച് ഞാൻ വീടിൻ്റെ പൂമുഖത്തേക്ക് നടന്നു. മഴ അതിനോടകം ശക്തിയായിരുന്നു. ഞാൻ മഴ നനഞ്ഞ് മുറ്റത്തെത്തിയ കോഴികളെ നോക്കിക്കൊണ്ടിരിക്കുന്ന ചാരുകസേര ലക്ഷ്യമാക്കി നീങ്ങി.അതിലെ പെയിന്റ് ഇളകിയതും കറുത്ത പാടുകൾ നിറഞ്ഞതുമായ ചർമം അതിൻറെ വാർത്തയ്ക്ക് വിളിച്ചുപറയുന്നു.അതിലെ തുണിക്ക് പോലും കഥ ഒരുപാടുണ്ട് പറയാൻ. ഞാൻ ഓർമ്മകളിൽ പരതി.



ബഹളമയമായ ആ അന്തരീക്ഷത്തിൽ ഉറക്കച്ചടവോടെയാണ് ഞാൻ എണീറ്റത്. ഉറക്കം ഒരു വിധത്തിലും സഹകരിച്ചില്ലെങ്കിലും ഇനിയും കട്ടിലിനെ ഒട്ടിക്കിടക്കൽ ഉചിതമല്ലായ്കയാൽ ഞാൻ ഒരു വിധം എഴുന്നേറ്റു. ചുറ്റും പതിനായിരം മുഖങ്ങൾ. ഷാൾ ധരിച്ചവർ, പർദ്ദക്കാർ ,ചുരിദാറുകാർ സാരിക്കാർ.....ഒരു മഹിളാ സംഗമം. സംഗതിയുടെ ഗൗരവം മനസ്സിലായത് താഴേക്ക് ഇറങ്ങി ചെന്നപ്പോഴാണ്. മുറ്റത്ത് നിന്നും തല തിരിച്ചു പേരെഴുതിയ ആംബുലൻസ് മടങ്ങുന്നു. കണ്ണിൽ വെള്ളം ഉറവയായി പൊഴിയുകയാണ് എല്ലാവർക്കും.നടുക്ക് ആ കാഴ്ച കണ്ടമാത്രയിൽ ഇടിവെട്ടേറ്റ കണക്ക് അവിടെ നിന്നുപോയ ആ രംഗം ഇന്നും ഞാൻ ഓർക്കുന്നു. പാൽപല്ല് പറഞ്ഞുവരാത്ത ആ പ്രായത്തിൽ ഓർമ്മയിൽ അത്രമേൽ അത് പതിഞ്ഞിരുന്നു. മയ്യിദിനെ മറവ് ചെയ്തു. ഞാനും വീട്ടുകാരും അടുത്ത ബന്ധുക്കളും മരണം അറിഞ്ഞ് കരയാൻ മാത്രം വന്ന ചിലരും മാത്രം ശേഷിച്ചു. മറ്റുള്ളവർ മടങ്ങി. വഴിയിൽ ഒരു തടസ്സമായി കിടന്ന ആ ചാരുകസേര ആളുകൾ കൂടിയ നേരത്ത് എങ്ങോ മറഞ്ഞു. പഴയ സാധനങ്ങളും അനേകം പാറ്റകളും പല്ലികളും പ്രാണികളും രാജകീയ വാസം നയിക്കുന്ന ആ മുറിയിൽ പുതിയ അംഗമായി ചാരുകസേര. ഉപ്പുപ്പായുടെ ഓർമ്മകൾ ഒരാണ്ട് കാലത്തേക്ക് വീടിനെ വളരെ മൂകമാക്കി ആ ബുധനാഴ്ചയാണ് ഞങ്ങൾ പഴയ വീട് വിറ്റത്.ആവശ്യവസ്തുക്കൾ വലിയൊരു വണ്ടിയിൽ കയറ്റി. കുറേയായി പുറത്തൊന്നും ഇറങ്ങാത്ത ഫർണിച്ചറുകൾ ഞാൻ ആ വണ്ടിയിൽ കണ്ടു. കൂട്ടത്തിൽ ഏതോ ഒരു മൂലയ്ക്ക് ചാരുകസേര എന്നെ എത്തി നോക്കിയത് ഞാനറിഞ്ഞു. അന്ന് ചാരുകസേരയെ നോക്കി ഞാൻ ഒന്ന് പുഞ്ചിരിച്ചു അതിലിരുന്ന് ഉപ്പുപ്പ എന്നെയും.

ഫാത്തിമ സനുബിയ സി.പി.
8 Q



# നിഴൽ

------

ജനനം മുതൽക്കെന്റെ കൂടെയുണ്ട്
ആരാലും മാറ്റിടാൻ കഴിയാത്തതായ്
ഏകയാം എന്നിൽ ആശ്വാസമായി
ആജ്ഞയാം എന്നിലെ പുസ്തകമായ്

സ്നേഹമെന്നൊന്നൊരു വാക്കിൽ ഒതുക്കിടല്ലേ
സഹതമാ പ്രത്യശയാ തണൽ മരമാ ....
എവിടെ ഇടറുന്നുവോ വീഴുന്നുവോ...
എവിടെയും കരുണക്കരങ്ങൾ ആണേ..

പാലിൻെറ മെത്തയായ് കൈക്കുഞ്ഞിലും
ബാല്യത്തിൽ കളിക്കൂട്ടുകാരിയായും
എന്നുമെൻ കൺമുന്നിൽ മിന്നിടുന്നൂ....
ഇരുട്ടിൽ പ്രകാശിക്കും മിന്നാമിനുങ്ങായി

പകർന്നില്ലേ ഇന്നല്ലേ എനിക്കുവേണ്ടി
നാളേക്കും കൂടിയുള്ളൂർജ്ജമെല്ലാം
ആകില്ല പകരമിന്നേതിനാലും
തണുപ്പാണേ കുളിരാണേ എന്നുമെന്നും

ഇന്നു ഞാൻ പതിമൂന്നിൽ നിറവിലാണേ
എന്നാലും ഞാനിന്നും ബാല്യത്തിലാ...
ഇന്നു ഞാൻ ഭയമന്യേ കഴിയുന്നിടം
നിഴലിലാ നിഴലിൻ മടിത്തട്ടിലാ....

ഹന ഫാത്തിമ
9 M

# മഴക്കാലം

\-----

വീണ്ടും വന്നെത്തി മഴക്കാലം
വീണ്ടും തണുപ്പിന്റെ കുളിർകാറ്റ്
ഇരുട്ടുമൂടി കെട്ടി  പ്രകൃതിതൻ  മഴ
പുഴയും പാടവും ജല സമൃതം
ചുവപ്പ്, ഓറഞ്ച്, മഞ്ഞ അലർട്ടുകൾ
നോക്കുന്നു വാർത്തമാന പത്രങ്ങളിൽ
ഉണ്ടോ പ്രകൃതിഭീതിയെന്ന് ചികയുന്നു
ഓർക്കുന്നു ഞാനാ മഹാപ്രളയ കാലം
ഈറനണിയുന്നു ഓർമയിൽ നയനങ്ങൾ
എല്ലാം വെള്ളത്തിൽ മുങ്ങിയൊലിച്ച്
കിടപ്പാടങ്ങൾ തകർന്നടിഞ്ഞ മനുഷ്യ കോലങ്ങൾ
ഉറ്റവരെ മിടിപ്പുകൾ നഷ്ട്ടമായ ഓർമകൾ
വരാതിരിക്കട്ടെ വീണ്ടും ഭീതിയുടെ പ്രളയങ്ങൾ
വീണ്ടും വന്നെത്തി മഴക്കാലം
വീണ്ടും തണുപ്പിന്റെ  കുളിർ കാറ്റ്



ഫാത്തിമ റിഫ. T
10 A

# അവൾ

---

അവൾ ഒരു തീയായി കത്തിപ്പടരേണ്ട സങ്കടങ്ങളെ ഉള്ളിലൊതുക്കി....
സന്തോഷമെന്നവയെ ഒരു മുഖം മൂടിയായി  തന്റെ കൂടെ കൂട്ടി...
എല്ലാം ഒരു പുഞ്ചിരിയോടെ കണ്ടു, അത് അവളെ വേദനിപ്പിച്ചിട്ടും....
തന്നെ എല്ലാവരും വേട്ടയാടി പിടിക്കുമ്പോൾ അവൾ കുതറി മാറാൻ ശ്രമിച്ചു....
പക്ഷെ അവരുടെ ഇരയാകേണ്ടി വന്നു അവൾക്ക്, ആരും തന്നെ രക്ഷിച്ചില്ല....
അങ്ങനെ അവൾ സ്വയം ശക്തിയാർജിച്ചു അവളിലെ തീ ആളികത്തി....
അവളെ വേദനിപ്പിച്ചവരെ അവൾ ചുട്ടുചാമ്പലാക്കി....

ദിദിയ സനോബർ
10 R



# കാലത്തിനൊപ്പം മാറുന്ന പഠനരീതികൾ

നാം ജീവിക്കുന്ന ഈ സമൂഹം എ ഐ പോലുള്ള പുതിയ സമ്പ്രദായങ്ങൾ കൊണ്ട് പുതിക്കികൊണ്ടിരിക്കുന്നു. ലോകത്തിൻറെ ഏതു ദിക്കിലും പുതിയ കണ്ടുപിടിത്തങ്ങൾ നടക്കുന്നു .പുതിയ പുതിയ മാറ്റത്തിനും സാക്ഷിയാകുന്ന ഈ കാലത്ത് മനുഷ്യ സമൂഹവും മാറുന്നു. അതിനുദാഹരണം കൂടിയാണ് നമ്മൾ എല്ലാവരും പഠിക്കുന്ന ഈ വിദ്യാലയത്തിലെ പഠന രീതിയും മാറുന്നത്.

പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പഠന രീതികൾ നമ്മുടെ സ്കൂളിൽ ആരംഭിക്കുന്നു. സ്മാർട്ട് ക്ലാസുകളും സ്മാർട്ട്ഫോർഡുകളും ഉപയോഗിച്ച് പഠനം നടത്തേണ്ടി വരുന്നു. ഇത് കുട്ടികളുടെ മനസ്സുകളിലേക്ക് പഠനത്തെ കൊണ്ടുപോകുന്നു.വേഗത്തിൽ മനസ്സിലാക്കാനും ഈ വ്യത്യാസ രീതി ഏറെ അനുയോജ്യമാണ്. ഇങ്ങനെ തുടർന്നാൽ വരും തലമുറക്ക് പഠിപ്പിക്കാൻ അധ്യാപകരുടെ ആവശ്യം പോലും ഉണ്ടാകണമെന്നില്ല. കാരണം 'ആർട്ടിഫിഷ്യൽ ഇന്റലിജൻ്റെ' വളർച്ചയ്ക്ക് പിന്തുണ നൽകുന്നുണ്ട്.

സോഷ്യൽ മീഡിയയും ഇക്കാലത്തെ വളരെയധികം ഉപകാരമുള്ളതും ഉപദ്രവമുള്ളതും ആയി മാറുന്നു .മാറുന്ന ഈ സമൂഹത്തോടൊപ്പം ഈ സമൂഹത്തിലെ വിദ്യാർത്ഥികളും മാറിക്കൊണ്ടിരിക്കുന്നു. പുതിയ നിയമ നിയന്ത്രണങ്ങൾ ഈ സമൂഹത്തെ തെറ്റിലേക്ക് നയിക്കുകയും അച്ചടക്കങ്ങൾ, മര്യാദകൾ അറിയാതെ പോവുകയും ചെയ്യുന്നു. അധ്യാപകരുടെ എങ്ങനെ പെരുമാറണം എന്നുപോലും മനസ്സിലാകാത്ത ഒരു വലിയ സമൂഹത്തിലാണ് നാം ജീവിക്കുന്നത്.

'ചാറ്റ് ജി പിടി 'പോലുള്ള ആധുനിക സാങ്കേതിക വിദ്യകൾ വിദ്യാഭ്യാസരംഗത്ത് വളരെയധികം സ്വാധീനിക്കുന്നു. നാം ചോദിക്കുന്ന ഏതൊരു ചോദ്യത്തിനും കൃത്യവും വിശദീകരണവുമായ ഉത്തരങ്ങൾ ഇവ നമുക്ക് നൽകുന്നു. ഉത്തരം ലഭിക്കാത്ത ചോദ്യങ്ങൾ അതിൽ ഉണ്ടാവുകയില്ല.അഥവാ ഇഉത്തരം ലഭിച്ചില്ലെങ്കിൽ നമ്മുടെ ചോദ്യത്തിന് ഉത്തരമില്ല എന്നാണർത്ഥം.

പ്രാചീന വിദ്യാഭ്യാസരംഗത്ത് പുതിയ ആധുനിക സാമ്പ്രദായത്തിന്റെ കുറവ് കാരണമാണ് പല രീതിയിലുള്ള കഠിനമായ ജോലികൾ ചെയ്ത് പണമുണ്ടാക്കി വരേണ്ടത്. ഇന്നത്തെ കാലത്ത് വിദ്യാഭ്യാസരംഗത്തെ പുരോഗതി കാരണം ഇന്നത്തെ വിദ്യാഭ്യാസത്തിന് പഠിക്കാൻ സ്ഥലം പോലും ലഭിക്കാതെ ആകുന്നു.

പുതിയ വിദ്യാഭ്യാസത്തിൻറെ ഫലമായി നമ്മുടെ സ്കൂളിലെ അച്ചടക്കവും ഒരു കാരണമാകുന്നു അച്ചടക്കം ഇല്ലായ്മ വലിയ രീതിയിലുള്ള കൊല എന്നിവയ്ക്ക് കാരണമാകുന്ന തനിക്ക് അറിവ് നൽകുന്ന ഗുരുവിനെ ബഹുമാനിക്കാൻ പോലും വിദ്യാർഥികൾക്ക് കഴിയുന്നില്ല. പുതിയ വിദ്യാഭ്യാസം നന്മയിലേക്ക് തിന്മയിലേക്കും എത്തിച്ചേരുന്നു. ഇതുതന്നെയാണ്

വിദ്യാഭ്യാസത്തിൻ്റെ അച്ചടക്കം മാറുന്നതിന്റെ പ്രധാന കാരണം മാറുന്ന ബോധന സമ്പ്രദായമാണ്.

# വീട്ടമ്മ

വീട്ടിലെ അടുപ്പിൽ ചുവട്ടി–
ലെയോ തന്നെ മറന്നവർ
അടുപ്പിൻ ചുവട്ടിലെ തീയായി
ജ്വലിക്കുന്ന മിഴികളായി..
മാഞ്ഞുപോയ ആ ജന്മത്തെ
തിരികെ വിളിക്കാൻ കാതോർക്കുന്നു
നാല് ചുവരിൽ തീരുമോ
നിൻറെ സഫലജന്മം
ഇനിയും എത്രനാൾ കാതോർക്കുന്നു
ജ്വലിക്കുന്ന തീയായി മാറാൻ

ഷബീബ കെ. കെ

10 J

# പെറ്റകളുടെ ദുരിതവാസനം

പുകയുന്നതില്ലിന്ന്...
അളയുന്നതില്ലിന്ന്...
പെറ്റദിനപ്പുറം ദുരിതങ്ങളണിന്ന്
ദാരിദ്ര്യമിന്നത്തെ വിഴുങ്ങാൻ വരുന്നിന്ന്...
പുകയല്ലേ നീയെന്ന് ജീവിതം എന്നോനെ
പുകയുക അല്ലേ പുകഞ്ഞൊന്നു നീരുക...
ശത്രുവേ മിത്രമോ ലോകത്തിലെനിക്ക്
സ്ത്രീ എന്നവളുടെ അനുഭവം അതു ഇത് തന്നെ
ഈ ജന്മത്തിൽ തരുന്നതായിന്ന്
ദുഃഖമോ സുഖത്തോ എന്നറിയാതെ
ആഴക്കടലിൽ നട്ടുക്കേറിയവൾ വന്നു
നിന്നായി സൂര്യനും സങ്കടം തന്നെ
പെറ്റവളായ ഞാൻ പുറത്തു ചിരിക്കുന്നു...
ഉള്ളിലോ തീയായി...
ജ്വലിക്കുന്ന ജന്മങ്ങൾ...

ഫാദിയ

# നന്ദി

"ഇൻ്റെലിആർട്ട്" എന്ന ഈ മാഗസിന് ഒരുപാട് ന്യൂനതകളും പരിമിതികളും ഉണ്ടായേക്കാം. എങ്കിലും സമയത്തിന്റെയുംസാഹചര്യത്തിൻ്റെയും മതിൽകേട്ടിനുള്ളിൽ നിന്ന് കൊണ്ട് ഈ മാഗസിന് പുറം ലോകം കാണാൻ സഹായിച്ച എല്ലാവർക്കും നന്ദി അറിയിക്കട്ടെ,

ഡിജിറ്റൽ ലോകത്തെ, പരിമിതികൾ ഇല്ലാത്ത കലയുടെ ഈ പുതിയ ലോകത്തിന് ഈ മാഗസിന് പ്രചോതനമവുമെന്ന് പ്രതീക്ഷയിൽ ഈ താളുകൾ അവസാനിപ്പിക്കുന്നു

സ്നേഹപൂർവ്വം

ഐ.യു.എച്ച്.എസ്